ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ പദ്ധതി പ്രകാരം 1025838 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

143 (1052) അപ്പക്സ് സഹകരണസ്ഥാപനങ്ങളിലെ നിയമനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി എത്രപേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ചില അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിപരീതമായി നിയമനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏതെല്ലാം സ്ഥാപനങ്ങളിൽ ആണെന്നും ഏതെല്ലാം തസ്തികയിൽ ആണെന്നും വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമാക്കാം. അനുബന്ധം (1) കാണുക.†

(ബി&സി)ചില അപ്പെക്സ് സ്ഥാപനങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിപരീതമായി നിയമനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

144 (1053) എസ്.പി.സി.എസ്.-ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി.എസ്. കോട്ടയം സ്ഥാപനത്തിൽ പണി എടുക്കുന്ന ജീവനക്കാർക്ക് അരപ്പു ഗഡു ക്ഷാമബത്ത നൽകിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) 14 വർഷമായി ശമ്പള പരിഷ്കരണം നടത്തിയിട്ടില്ലാത്ത ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ:

(സി) ക്ഷാമബത്ത ഗഡുക്കൾ സമയബന്ധിതമായി നൽകുവാൻ നിർദ്ദേശം നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly